Rama Varmha Tampuran, M.B.E. *(Chief Secretary to Government):* He has given a statement that he had invited his friends and his relations.

Mr. K. I. Velayudhan *(Ezhuvas-Talappalli):* But the answer given is otherwise. That is, he has not invited owners of any retail shops and ration shops.

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* The statement is, he has invited his friends; not ration-shop owners.

Mr. P. A. Muhammed Ashroff *(Cranganur):* May I know whether his friends include ration shop retailers also.

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* I want notice.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഫ്രണ്ട്സ് എന്നു പറയുന്നതിൽ റേഷൻ ഷാപ്പുകാരും പെടുമോ?

Rama Varmha Tampuran, M.B.E. *(Chief Secretary to Government):* Notice.

മിസ്റ്റർ പി. നാരായണമേനോൻ: ഷാപ്പുകാർ എല്ലാവരും ഫ്രണ്ട്സ് ആയിരുന്നുവോ?

GOVERNMENT B. T. COLLEGE—NUMBER OF STUDENTS

449. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) Government B. T. College-ൽ കഴിഞ്ഞകൊല്ലം (academic year) എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു.

(ബി) അവരെ പഠിപ്പിക്കുവാൻ എത്രപേരുണ്ടു്; ഇവർ ഓരോരുത്തക്കും ആഴ്ചയിൽ എത്ര മണിക്കൂർ വീതം ജോലിയുണ്ടു്;

(സി) ആകെ ക്ലാക്കുമാർ, Librarians, Attenders, Peons, മറ്റുജോലിക്കാർ മുതലായവർ എത്രപേരുണ്ടു്; ഈ വിദ്യാർത്ഥികളെ പഠിപ്പിക്കുവാൻ കഴിഞ്ഞകൊല്ലം ആകെ എത്ര ചിലവു വന്നിട്ടുണ്ടു്;

(സി) കോളേജ് hostels-ൽ കഴിഞ്ഞകൊല്ലം എത്രപേർ താമസിച്ചിരുന്നു;

(ഇ) പണിയുവാൻ ഉദ്ദേശിക്കുന്ന College hostels-നു് എത്ര ചിലവു വരുമെന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്?

മിസ്റ്റർ പി. ശങ്കരൻനമ്പ്യാർ:

(എ) ൪൩. (൩൩ പുരുഷന്മാർ, ൨൦ സ്ത്രീകൾ).

(ബി) ൧൩.

൧.	പ്രിൻസിപ്പാൾ (ചരിത്രപ്രാസംഗികൻ)	൪	പീരിഡു്
൨.	വൈസ് പ്രിൻസിപ്പാൾ (സൈക്കോളജി പ്രാസംഗികൻ)	൬	,,
൩.	ശ്രീ. ടി. എസ്സു്. സോമനാഥയ്യൻ (ഗണിതശാസ്ത്ര പ്രാസംഗികൻ)	൬	,,
൪.	,, ടി. സി. ബാലകൃഷ്ണമേനോൻ (ആംഗലഭാഷാ പ്രാസംഗികൻ)	൬	,,
൫.	,, ടി. സി. നാരായണമേനോൻ (പ്രകൃതിശാസ്ത്രം)	൭	,,
൬.	,, കെ. രാമവർമ്മരാജാ (സംസ്കൃത പ്രാസംഗികൻ)	൬	,,
൭.	,, സി. എം. പോൾ (ഫിസിക്കൽ സൈൻസു്)	൬	,,
൮.	,, കെ. ഐ. ഐപ്പാച്ചൻ (വ്യായാമപരിശീലനഡയറക്ടർ)	൩	,,
൯.	മിസിസ്സു് മാർഗരറ്റു് പി. ചിതലൻ (വ്യായാമപരിശീലനഡയറക്ട്രസ്സു്)	൩	,,
൧൦.	ശ്രീമതി എ. ദേവകിഅമ്മ (ചരിത്രം അസിസ്റ്റാണ്ടു് ലക്ചറർ)	൪	,,
൧൧.	ശ്രീ. എ. കരുണാകരപിഷാരോടി (മലയാള പ്രാസംഗികൻ)	൬	,,
൧൨.	ശ്രീമതി കെ. ജാനകിഅമ്മ (സംഗീതലക്ചറർ)	൬	,,
൧൩.	ശ്രീ. കെ. എം. ചാക്കുണ്ണി (കലയും കൈത്തൊഴിലും)	൪	,,

LIBRARY ARCHIVES Kerala Legislative Assembly

(സി) ഫർ (ഫ) ലൈബ്രേറിയൻ, (ഖ) ഹെഡ് ഗ്രമസ്ഥൻ ഫ, (ന) ഖ-ാം ഗ്രമസ്ഥൻ ഫ, (ഴ) മുദ്രാക്ഷരലേഖനയന്ത്രപ്രവർത്തകൻ. ഫ, (ങ) അറൗണ്ടർ ന, (ന) മസപ്പടി ഫ, (ഉ)ശിപായി ന, (വ) തോട്ടക്കാർ ഖ, (ൻ) തോട്ടി ഫ.

കഴിഞ്ഞകൊല്ലം ശമ്പളം, ക്ഷാമബത്ത കൂടി ആകെ ചിലവ് ക. ന൪,൦൭ഖ— ഖ— ൦.

(ഡി) ഖ ൦ വിദ്യാർത്ഥികൾ. (പരീക്ഷാന്മാർ ഫഖ, സ്ത്രീകൾ വ).

(ഇ) ക. ഫ,൦൦,൦൦൦.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ വിദ്യാർത്ഥികളിൽ ഖ ൦ വിദ്യാർത്ഥികളെ ഹോസ്റ്റലിൽ താമസിക്കുന്നുള്ളൂ. ഈ കുറവിന് എന്താണ് കാരണം?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: മറ്റുള്ളവർക്ക് പുറത്തു വേറെ താമസസൌകര്യം കിട്ടിയിട്ടുണ്ടായിരിക്കണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ശമ്പളത്തിനുവേണ്ടി ഇത്ര അധികം ചിലവാക്കീട്ട്, ഇവിടെനിന്നു പാസ്സായ വിദ്യാർത്ഥികളുടെ പേർസെന്റേജ് എത്രയാണ്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: മറ്റു കോളേജിനെ സംബന്ധിച്ചിടത്തോളം ഒട്ടും മോശമല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ബാക്കികോളേജിലെ പേർസെന്റേജ് എത്രയാണ്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: മോശമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ദിവസം എത്ര പീരീയേഡാണ്?

മിസ്റ്റർ പി. ശങ്കരൻ നമ്പ്യാർ: ആറ്.

Mr. K. T. Achuthan *(Ezhuvas-Mukundapuram):* What is the percentage of passes?

Mr. P. Sankaran Nambiyar *(Director of Public Instruction):* About 60 per cent.

WORKS IN THE PUTHUR PANCHYAT

450. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) പുത്തൂർ പഞ്ചായത്തിലെ ഫ ഫഖ ഫ-ലെ പണികൾ ടെണ്ടർവിളിച്ചോ ഡിപ്പാർട്ടുമെണ്ടിൽനിന്നോ നടത്തുന്നത്;

(ബി) ടെണ്ടർ ആക്കെല്ലാം എത്രക്കുവീതം ഏല്പിച്ചു;

(സി) പണികളെല്ലാം മുഴമിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) മുളയൻചിറ കഴിഞ്ഞ കൊല്ലം കെട്ടിതീർത്തുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പഞ്ചായത്തിൽ നിന്ന് വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു മറുപടി അയച്ചു?

റാവുസാഹിബ് സി. ജെ. മാത്യു:

(എ) പണികൾ ടെണ്ടർവിളിച്ചും ഡിപ്പാർട്ടുമെണ്ടലായും നടത്തുന്നുണ്ട്.

(ബി) പണികൾ ഏല്പിച്ചിരിക്കുന്ന വിവരം കാണിക്കുന്ന ഒരു ലിസ്റ്റ് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. (Appendix IV)

(സി) വിവരം ലിസ്റ്റിൽനിന്നും അറിയാവുന്നതാണ്.

(ഡി) മുളയൻ ചിറ കഴിഞ്ഞ കൊല്ലം കെട്ടേണ്ട ആവശ്യമില്ലെന്നു ഗവർമ്മെണ്ടിനു ബോദ്ധ്യം വരികയാൽ കെട്ടിയില്ല. പഞ്ചായത്തിൽനിന്നു ആക്ഷേപം കിട്ടിയിട്ടുണ്ട്. ആയ്തിനെപ്പറ്റി തീരുമാനിച്ചു മറുപടികൊടുത്തിട്ടുണ്ട്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: മുളയൻചിറ കെട്ടേണ്ട ആവശ്യമില്ലെന്നു ഗവർമ്മെണ്ടിനു ബോദ്ധ്യംവന്നതു് എങ്ങിനെയാണ്?

റാവു സാഹിബ് സി. ജെ. മാത്യു: അതിന്റെ അടുത്തു് ഒരു P. W. D. ചിറയുണ്ട്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഈ P. W. D. ചിറകൊണ്ട് വെള്ളം കൊടുക്കുന്നതിൽ കൂടുതൽ സ്ഥലത്തു് മുളയൻചിറകൊണ്ടു് വെള്ളം കൊടുക്കുവാൻ സാധിക്കുമെന്നും അതുവഴി കൂടുതൽ വിളവു നമുക്കു കിട്ടുമെന്നും അറിഞ്ഞിരുന്നുവോ?

റാവു സാഹിബ് സി. ജെ. മാത്യു: അതിന്റെ അടുത്തു ഒരു ചിറയുള്ളതുകൊണ്ട് ഇതു ആവശ്യമില്ലെന്നു വിചാരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly